**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5292** **15-03-2023 - ൽ മറുപടിയ്ക്ക്**

**പുത്തൻ ആശയങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയിലെ പുത്തൻ ആശയങ്ങൾ ലഭ്യമാക്കാനായി നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | കാർഷിക മേഖലയിലെ പുത്തൻ ആശയങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ് കൃഷി ദർശനം 'വൈഗ' എന്ന സമഗ്ര കാർഷിക മേളയും സംരംഭക വികസന പ്രവർത്തനങ്ങളും.<br><br>കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽ തന്നെ കാണുന്നതിനുമായി 2022-23 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണ് കൃഷി ദർശൻ. കൃഷി ദർശൻ പരിപാടികൾ, തൃശ്ശൂർ, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ നടത്തി. ഇതിൽ ഉൾപ്പെട്ട കർഷകരുമായുള്ള സമ്പർക്ക പരിപാടികളിലൂടെയും, കൃഷിയിട സന്ദർശനത്തിലൂടെയും ഉയർന്നു വന്ന വിവിധ ആശയങ്ങളും ഫീൽഡ് തലത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെയും ആസ്പദമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2023-24 ലും പ്രസ്തുത പദ്ധതി വിവിധ ബ്ലോക്കുകളിൽ നടത്തുന്നതിന് സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>പുത്തൻ ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനും പൊതു സംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2016 മുതൽ വൈഗ (VAIGA - Value Addition for Income Generation in Agriculture) |

എന്ന കാർഷിക പ്രദർശന സംരംഭക വികസന മേളയും ശില്പശാലയും സംഘടിപ്പിച്ചു വരുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും പുതു സംരംഭകർക്കും കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷിക വിദഗ്ധർക്ക് പുതിയ സാങ്കേതിക വിദ്യകൾ പങ്കിടുന്നതിനുമുള്ള വേദിയൊരുക്കുന്നതിനും വൈഗയുടെ നടത്തിപ്പിലൂടെ സാധിക്കുന്നുണ്ട്.

കാർഷിക രംഗത്ത് നൂതന ആശയങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ഈ മേഖലയിലെ ഏറ്റവും വലിയ ഹാക്കത്തോൺ ആയ "വൈഗ അഗ്രി ഹാക്ക് 2023', വൈഗ 2023 ന്റെ ഭാഗമായി സംഘടിപ്പിച്ചു. കാലാവസ്ഥ വ്യതിയാനം, കാർഷികോല്പന്നങ്ങളുടെ വില സ്ഥിരതയില്ലായ്മ കീട രോഗ ബാധകൾ, ഉയർന്ന ഉൽപ്പാദന ചിലവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, തുടങ്ങിയവയടക്കമുള്ള പ്രതിസന്ധികൾ കാർഷിക മേഖല നേരിടുന്നുണ്ട്. നിലവിലുള്ള പരിഹാരമാർഗങ്ങൾക്കപ്പുറമുള്ള സാദ്ധ്യതകൾ കണ്ടെത്തുന്നതിനും പുത്തൻ ആശയങ്ങൾ ശേഖരിക്കുന്നതിനും വിവിധ പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നടത്തിയ അഗ്രിഹാക്കത്തോൺ വളരെ പ്രയോജനപ്രദമായിരുന്നു.

ആത്മ പദ്ധതിയിൽ 'ഫാർമർ ഇന്നവേഷൻസ്" എന്ന ഘടകം വഴി കർഷകർ കണ്ടുപിടിക്കുന്ന മാർഗ്ഗങ്ങൾ പ്രദർശിപ്പിക്കുന്നതിനും പരീക്ഷിയ്ക്കുന്നതിനും അവസരമൊരുക്കുന്നുണ്ട്.

കേരള കാർഷിക സർവകലാശാലയുടെ സഹകരണത്തോടെ പുത്തൻ സാങ്കേതിക വിദ്യകൾ അപ്പപ്പോൾ തന്നെ കർഷകരിലേക്കെത്തിക്കാനായി കൃഷി വകുപ്പ് ആരംഭിച്ച സംവിധാനമാണ് 'ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ'. കാർഷിക സർവകലാശാലയിലെ ഒരു ശാസ്ത്രജ്ഞനും ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടറും ആ ബ്ലോക്കിലെ കൃഷി ഓഫീസർമാരും പുരോഗമന കർഷകരും അടങ്ങുന്ന ഒരു സംഘമാണിത്.

കാലാകാലങ്ങളിൽ ഈ വിജ്ഞാന കേന്ദ്രം യോഗങ്ങൾ കൂടുകയും ഫീൽഡ് സന്ദർശനങ്ങൾ നടത്തി യഥാവിധി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതിയ സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുകയും ചെയ്യും.

| | | | |
|---|---|---|---|
| | | | മേൽ പറഞ്ഞവ കൂടാതെ മികച്ച പരമ്പരാഗത വിദ്യകളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകളും ഫീൽഡ് തല പ്രദർശനങ്ങളിലൂടെ ജനകീയമാക്കുന്നതിനു ലക്ഷ്യമിടുന്ന കൃഷി പാഠശാല പദ്ധതിയിലൂടെയും, മറ്റു കാർഷിക വിജ്ഞാന വ്യാപന പദ്ധതികളിലൂടെയും കാർഷിക മേഖലയിൽ നൂതന ആശയങ്ങൾ ലഭ്യമാക്കുന്നതിന് വഴിയൊരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ